നമ്പർ സി പി (5) 6350 /2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 13.11.2020
Email: keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel No.0471 2330726

**സർക്കുലർ നമ്പർ 77 /2020**

വിഷയം :- സഹകരണ വകുപ്പ് - സ്വർണ്ണപ്പണയ വായ്പ - ഉരുപ്പടികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 നമ്പർ സർക്കുലർ
2. ബഹു.സഹകരണ സംഘം രജിസ്ട്രാറുടെ 13/2018 നമ്പർ സർക്കുലർ
3. ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ടെ 15/09/2020 ലെ ആർ.263/2020 നമ്പർ കത്ത്.

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ വായ്പാ ഇടപാടുകളിന്മേൽ സംഘം പുലർത്തേണ്ട ജാഗ്രത സംബന്ധിച്ച് വിവിധ സർക്കുലറുകളിലൂടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ അടുത്ത കാലത്തായി കുടിശ്ശികയായിട്ടുള്ള സ്വർണ്ണപ്പണയ വായ്പാ ഇടപാടുകളിലൂടെ സംഘങ്ങൾക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നതായും കൂടാതെ ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾക്ക് പലവിധത്തിലുള്ള തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എ) സഹകരണ സംഘങ്ങളിലെ എല്ലാവിധ സ്വർണ്ണപ്പണയ വായ്പകളിലും വായ്പാക്കാരനിൽ നിന്നും ഏതെങ്കിലും ഒരു സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (പേര്, മേൽവിലാസം, ഫോട്ടോ എന്നിവ ഉൾപ്പെട്ടത്) നിർബന്ധമായും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ബി) മേൽ നിർദ്ദേശം നടപ്പാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം സംഘം ചീഫ് എക്സിക്യൂട്ടീവിനും ഭരണസമിതിയ്ക്കും ആയിരിക്കുന്നതാണ്.

സി) നിർദ്ദിഷ്ട യൂണിറ്റ് ഇൻസ്പെക്ടർമാർ, ആഡിറ്റർമാർ എന്നിവർ പരിശോധനകളിൽ ഇക്കാര്യം ഉൾപ്പെടുത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ്)

ഡോ.നരസിംഹഗാരി ടി.എൽ റെഡ്ഡി ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

| | |
|---|---|
| 1 | സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 2 | എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും |
| 3 | എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും |

| | |
|---|---|
| 4 | എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന) |
| 5 | എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന) |
| 6 | ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, സെക്ഷൻ സൂപ്രണ്ടുമാർ |
| 7 | സഹകരണ ജേർണൽ, സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് യൂണിയൻ ആഫീസ്, തിരുവനന്തപുരം (പ്രസിദ്ധീകരണത്തിന്) |
| 8 | എഡിറ്റർ, സഹകരണ വീഥി |
| 9 | രജിസ്ട്രാറുടെ മേശപ്പുറത്ത് |
| 10 | ഐ.റ്റി സെക്ഷൻ |
| 11 | സ്റ്റോക്ക് ഫയൽ |
| 12 | വെബ് സൈറ്റ് |

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)